## പതിമൂന്നാം കേരള നിയമസഭ

### ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം: 3159** | **21.06. 2013 -ൽ മറുപടിയ്ക്ക്**

## കെട്ടിട നികുതി പരിഷ്കരണത്തിനുള്ള നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീമതി. പി. അയിഷാ പോറ്റി** | | **ഡോ. എം. കെ. മുനീർ**<br>**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി** |
| (എ) | തദ്ദേശസ്ഥാപനങ്ങളിലെ കെട്ടിട നികുതി പരിഷ്കരണത്തിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ് ; വിശദാംശം വെളിപ്പെടുത്തുമോ ; | (എ) | വസ്തു നികുതി നിർണ്ണയിക്കുന്നതിനു വേണ്ടി സർക്കാർ 2011- ൽ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളും കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളും പുറപ്പെടുവിക്കുകയുണ്ടായി. ഈ ചട്ടങ്ങൾ പുതിയ നികുതിദായകർക്ക് 2011 ജനുവരി 14 മുതലും വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി നൽകിയിരുന്നവർക്ക് 2011 ഏപ്രിൽ 1 മുതലും പ്രാബല്യത്തിൽ ബാധകമാക്കിയിരുന്നു. എന്നാൽ ഈ ചട്ടങ്ങളെ സംബന്ധിച്ച് ധാരാളം പരാതികൾ ഉണ്ടായതിനെ തുടർന്ന് സർക്കാർ 13-03-2013-ലെ സ. ഉ (പി) നം. 88/13/തസ്വഭവ പ്രകാരം, കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലും 15-03-2013-ലെ സ. ഉ (അ) നം. 100/13/തസ്വഭവ പ്രകാരം, കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലും ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. ഇതനുസരിച്ചുള്ള വസ്തുനികുതി പരിഷ്കരണ നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | ഉടമകൾ സ്വയം വസ്തുനികുതി നിർണയം നടത്തുന്നതിന് സർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച നികുതി റിട്ടേൺ ഫാറങ്ങളിലെ നടപടിക്രമങ്ങൾ അവസാനിപ്പിച്ചുവോ ; | (ബി) | അവസാനിപ്പിച്ചിട്ടില്ല. ഉടമസ്ഥൻ സ്വയം വസ്തു നികുതി റിട്ടേൺ അനുവദിക്കപ്പെട്ട സമയത്തിനകം സമർപ്പിക്കുന്നില്ലെങ്കിൽ ഗ്രാമപഞ്ചായത്തിനും നഗരസഭകൾക്കും നേരിട്ട് വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള വ്യവസ്ഥ കൂടി ഭേദഗതി ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത നിർദ്ദേശപ്രകാരം ഫാറങ്ങൾ അച്ചടിക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായി എന്ത് തുക ചെലവഴിച്ചു ; വെളിപ്പെടുത്തുമോ ? | (സി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ